**കേരള സർക്കാർ**

പൊതുഭരണ (ഏകോപന) വകുപ്പ്

നമ്പർ. 61845/സി.ഡി.എൻ.4/11/പൊ.ഭ.വ. തിരുവനന്തപുരം, തീയതി, 06-09-2011.

## സ ർ ക്കു ല ർ

വിഷയം :- പ്രധാനപ്പെട്ട സർക്കാർ ഉത്തരവുകളുടെ പകർപ്പുകൾ നിയമസഭാ സെക്രട്ടറിക്ക് മാർക്ക്ചെയ്ത് ലഭ്യമാക്കണമെന്ന് എല്ലാ വകുപ്പുകൾക്കും കർശന നിർദ്ദേശം നൽകുന്നത് - സംബന്ധിച്ച്.

സൂചന :- നിയമസഭാ സെക്രട്ടറി 06-08-2011-ൽ ബഹു: ചീഫ് സെക്രട്ടറിക്ക് അയച്ച 15315/എ.സി.എ2/2011/ലെജി. നമ്പർ കത്ത്.

-------------

വിവിധ സർക്കാർ വകുപ്പുകൾ പുറപ്പെടുവിക്കുന്ന പ്രധാനപ്പെട്ട പല ഉത്തരവുകളുടെയും പകർപ്പുകൾ നിയമസഭാ സെക്രട്ടേറിയറ്റിൽ ലഭിക്കാത്തതുമൂലം പ്രസ്തുത സർക്കാർ ഉത്തരവുകളുടെ നിർദ്ദേശങ്ങൾ യഥാസമയം അറിയുവാൻ സാധിക്കുന്നില്ലായെന്നും ഇതിനു പരിഹാരമായി സർക്കാർ പുറപ്പെടുവിക്കുന്ന ഉത്തരവുകളുടെ പകർപ്പുകൾ നിയമസഭാ സെക്രട്ടറിക്ക് മാർക്ക്ചെയ്ത് അയക്കുവാൻ ഗവൺമെന്റിനോട് ആവശ്യപ്പെടാൻ ബഹു : നിയമസഭാ സ്പീക്കർ നിർദ്ദേശിച്ചിരിക്കുന്നതായും സൂചനയിലെ കത്തുപ്രകാരം നിയമസഭാ സെക്രട്ടറി ബഹു : ചീഫ് സെക്രട്ടറിയോട് അഭ്യർത്ഥിച്ചിരുന്നു.

**ബഹു: നിയമസഭാ സ്പീക്കറുടെ നിർദ്ദേശം ഗവൺമെന്റ് വിശദമായി പരിശോധിച്ചതിൻപ്രകാരം, വിവിധ സർക്കാർ വകുപ്പുകൾ പുറപ്പെടുവിക്കുന്ന എല്ലാ ഉത്തരവുകളുടെയും പകർപ്പുകൾ നിർബന്ധമായും നിയമസഭാ സെക്രട്ടറിക്ക് മാർക്ക്ചെയ്ത് അയക്കണമെന്ന് എല്ലാ വകുപ്പു സെക്രട്ടറിമാർക്കും വകുപ്പുതലവന്മാർക്കും കർശന നിർദ്ദേശം നൽകുന്നു.**

**ഡോ. പി. പ്രഭാകരൻ**
**ചീഫ് സെക്രട്ടറി**

എല്ലാ അഡീഷണൽ ചീഫ് സെക്രട്ടറിമാർക്കും, പ്രിൻസിപ്പൽ സെക്രട്ടറിമാർക്കും, സെക്രട്ടറിമാർക്കും, സ്പെഷ്യൽ സെക്രട്ടറിമാർക്കും.
സെക്രട്ടേറിയറ്റിലെ നിയമം, ധനകാര്യം, പൊതുഭരണ വകുപ്പുകളിലെ അഡീഷണൽ/ജോയിന്റ്/ഡെപ്യൂട്ടി/ അണ്ടർ സെക്രട്ടറിമാർക്ക്
എല്ലാ വകുപ്പുതലവന്മാർക്കും
സെക്രട്ടറി, കേരള നിയമസഭാ സെക്രട്ടേറിയറ്റ്, തിരുവനന്തപുരം (ആമുഖ കത്ത്സഹിതം)
സെക്രട്ടേറിയറ്റിലെ നിയമം, ധനകാര്യം, പൊതുഭരണം ഉൾപ്പെടെയുള്ള എല്ലാ വകുപ്പുകൾക്കും സെക്ഷനുകൾക്കും
വിവര പൊതുജന സമ്പർക്ക വകുപ്പ് (വിപുലമായ പ്രചാരണത്തിന്)
കരുതൽ ഫയൽ/ഓഫീസ് കോപ്പി.

**ഉത്തരവിൻ പ്രകാരം,**

**സെക്ഷൻ ഓഫീസർ**

പകർപ്പ്:

ബഹു: മുഖ്യമന്ത്രിയുടെ പ്രിൻസിപ്പൽ/പ്രൈവറ്റ് സെക്രട്ടറിമാർക്ക്
എല്ലാ മന്ത്രിമാരുടെയും പ്രൈവറ്റ് സെക്രട്ടറിമാർക്ക്
ചീഫ് സെക്രട്ടറിയുടെ അഡീഷണൽ സെക്രട്ടറിക്ക്
പൊതുഭരണ വകുപ്പു സെക്രട്ടറിയുടെ പി.എ.യ്ക്ക്
സ്പെഷ്യൽ സെക്രട്ടറിയുടെ പി.എ.യ്ക്ക്